# INDIAN SCHOOL AL WADI AL KABIR

## Mid-Term Examination 2023

**SUB: Malayalam (012)**

Date: 01/10/2023 Time Allowed :3 hours

Class: IX Maximum Marks: 80

---

*General Instructions:*

1. Please check that this question paper contains 9 questions and 9 printed pages.

2. This question paper is divided into two sections:

Section A - Reading Comprehension, Vocabulary Building & M.C.Q – 40 Marks

Section B - Grammar, Composition, Literature (Prose, Poetry & Non-detailed) - 40 Marks.

## SECTION – A / എ വിഭാഗം

**1. താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും1 മാർക്ക് വീതം) (8 X 1=8)**

മലയപ്പുലയനാ മാടത്തിൻ മുറ്റത്തു
മഴ വന്ന നാളൊരു വാഴ നട്ടു
മനതാരിലാശകൾ പോലതിലോരോരോ
മരതകക്കൂമ്പു പൊടിച്ചു വന്നു.
അരുമക്കിടാങ്ങളിലൊന്നായതിനേയു-
മഴകിപ്പുലക്കള്ളിയോമനിച്ചു.
മഴയെല്ലാം പോയപ്പോൾ, മാനം തെളിഞ്ഞപ്പോൾ
മലയന്റെ മാടത്ത പാട്ടു പാടി
മരമെല്ലാം പൂത്തപ്പോൾ കുളിർക്കാറ്റു വന്നപ്പോൾ
മലയന്റെ മാടവും പൂക്കൾ ചൂടി
വയലിൽ വിരിപ്പു വിതയ്ക്കേണ്ട കാലമായ്
വളരെപ്പണിപ്പാടു വന്നു കൂടി.
ഉഴുവാൻ രാവിലെ പോകും മലയനു-

മഴകിയും പോരുമ്പോളന്തിയാവും.

ചെറുവാഴത്തയ്യിനു വെള്ളമൊഴിക്കുവാൻ

മറവി പറ്റാറില്ലവർക്കു ചെറ്റും.

അനുദിനമങ്ങനെ ശുശ്രൂഷ ചെയ്കയാ -

ലതു വേഗവേഗം വളർന്നു വന്നു:

അജപാലബാലനിൽ ഗ്രാമീണ ബാലത-

ന്നനുരാഗ കന്ദളമെന്നപോലെ

പകലൊക്കെപ്പൈതങ്ങളാ വാഴത്തൈത്തണൽ-

പ്പുരാവതാനിക്കു മേൽ ചെന്നിരിക്കും.

<u>ചോദ്യങ്ങൾ</u>

(a) മാടത്തിൻ  മുറ്റത്ത് വാഴ നട്ടത് ആരാണ് ?

(b) മനതാരിലാശകൾ പോലെ പൊടിച്ചു വന്നത് എന്താണ് ?

(c) അഴകിപ്പുലക്കള്ളി വാഴയെ ഓമനിച്ചത് എങ്ങനെയാണ് ?

(d) മഴ പോയി മാനം തെളിഞ്ഞപ്പോൾ ആരാണ് പാട്ടു പാടിയത് ?

(e) കുളിർക്കാറ്റു വന്നപ്പോൾ എവിടെയാണ് പൂക്കൾ ചൂടിയത് ?

(f) മലയനും അഴകിയും രാവിലെ എവിടേയ്ക്കാണ് പോകുന്നത് ?

(g) മറവി കൂടാതെ എല്ലാദിവസവും അവർ ചെയ്തിരുന്നതെന്ത് ?

(h) എവിടെയാണ് പകലൊക്കെപ്പൈതങ്ങൾ ചെന്നിരിക്കുന്നത് ?

2. **താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം)   (7 X 1=7)**

അങ്കണത്തൈമാവിൽനിന്നാദ്യത്തെപ്പഴം വീഴ്കെ,

അമ്മതൻ നേത്രത്തിൽനിന്നുതിർന്നു ചുടുകണ്ണീർ .

നാലുമാസത്തിൻമുമ്പിലേറെനാൾ കൊതിച്ചിട്ടീ-

ബാലമാകന്ദം പൂവിട്ടുണ്ണികൾ വിരിയവേ ,

അമ്മതൻ മണിക്കുട്ടൻ പൂത്തിരി കത്തിച്ചപോ-

ലമ്മലർച്ചെണ്ടൊന്നൊടിച്ചാഹ്ളാദിച്ചടുത്തെത്തി.

ചൊടിച്ചു മാതാവപ്പോൾ : '' ഉണ്ണികൾ വിരിഞ്ഞ പൂ -

വൊടിച്ചു കളഞ്ഞല്ലോ, കുസൃതിക്കുരുന്നേ , നീ

മാങ്കനി വീഴുന്നേരമോടിച്ചെന്നെടുക്കേണ്ടോൻ
പൂങ്കുല തല്ലുന്നതു തല്ലു കൊള്ളാഞ്ഞിട്ടല്ലേ ?
പൈതലിൻ ഭാവം മാറി : വദനാംബുജം വാടി
കൈതവം കാണാക്കണ്ണു  കണ്ണുനീർത്തടാകമായ്
മാമ്പഴം പെറുക്കുവാൻ ഞാൻ വരുന്നില്ലെന്നവൻ
മാൺപെഴും മലർക്കുലയെറിഞ്ഞു വെറും മണ്ണിൽ.
വാക്കുകൾ കൂട്ടിച്ചൊല്ലാൻ വയ്യാത്ത കിടാങ്ങളെ ,
ദീർഘദർശനം ചെയ്യും ദൈവജ്ഞരല്ലോ നിങ്ങൾ !
തുംഗമാം മീനച്ചൂടാൽത്തൈമാവിൻ മരതക-
ക്കിങ്ങിണി സൗഗന്ധിക സ്വർണ്ണമായ്ത്തീരും മുമ്പേ,
മാങ്കനി വീഴാൻ കാത്തുനിൽക്കാതെ, മാതാവിന്റെ
പൂങ്കുയിൽ കൂടും വിട്ടു പരലോകത്തെപ്പൂകി.

ചോദ്യങ്ങൾ

(a) അമ്മയുടെ നേത്രത്തിൽനിന്ന്  ചുടുകണ്ണീർ ഉതിർന്നത് എപ്പോഴാണ് ?

(b) പൂത്തിരി കത്തിച്ചപോലെ മലർച്ചെണ്ടും ഒടിച്ചെത്തിയത് ആരാണ് ?

(c) കുസൃതിക്കുരുന്നിനോട് ചൊടിച്ചതാരാണ് ?

(d) കൈതവം കാണാക്കണ്ണ് എന്തായി എന്നാണ് കവി പറയുന്നത് ?

(e) കുട്ടി മാൺപെഴും മലർക്കുലയെറിഞ്ഞത് എവിടെയാണ് ?

(f) 'ദീർഘദർശനം ചെയ്യും ദൈവജ്ഞർ' ആരാണ് ?

(g) മാങ്കനി വീഴാൻ കാത്തുനിൽക്കാതെ മാതാവിന്റെ പൂങ്കുയിൽ പോയതെവിടെ ?

**3. തന്നിരിക്കുന്ന 10 ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (7 X 1=7)**

(a) ആദരം എന്ന വാക്കിന്റെ വിപരീതപദം ഏത് ?

(a) അത്യാദരം　　(b) ഉദാരം

(c) അനാദരം　　(d) സുതാര്യം

(b) കാല് എന്ന പദത്തിന്റെ ശരിയായ പര്യായപദങ്ങൾ ഏവ ?

(a) പാദം, ചരണം　　(b) ഗളം, ഗ്രീവം

(c) ശകടം, ചാട്　　(d) ശുകം, കീരം

(c) പാമ്പ് എന്നർത്ഥം വരുന്ന പദം ഏത് ?

(a) ശുനകൻ (b) ശ്വാനൻ

(c) ശ്വാവ് (d) വ്യാളം

(d) മടി എന്നതിന്റെ നാനാർത്ഥപദം ഏത് ?

(a) അലസത (b) മൂല്യം

(c) സമ്പത്ത് (d) ദു:ഖം

(e) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക.

(a) ഉദ്ധ്വരണി (b) ഉദ്ധരണി

(c) ഉദ്ധ്യരണി (d) ഉദ്ധൃരിണി

(f) മഹാൻ എന്ന പദത്തിന്റെ എതിർലിംഗം എന്താണ് ?

(a) മഹാമതി (b) മൗനി

(c) മഹതി (d) മാനിനി

(g) ഘനം എന്നതിന്റെ നാനാർത്ഥപദം ഏത് ?

(a) ഭാരം (b) ചെടി

(c) രൂപം (d) ഭംഗി

(h) ഗ്രാമവീഥി എന്നതിന്റെ ശരിയായ വിഗ്രഹരൂപം ഏത് ?

(a) ഗ്രാമീണരുടെ വീഥി (b) ഗ്രാമത്തിലെ വീഥി

(c) ഗ്രാമവും വീഥിയും (d) ഗ്രാമമാകുന്ന വീഥി

(i) ആത്മാർപ്പണം എന്ന പദം പിരിച്ചെഴുതുന്നത് എങ്ങനെ ?

(a) ആത്മൻ + അർപ്പണം (b) ആ + അർപ്പണം

(c) ആത്മ: + ആർപ്പണം (d) ആത്മ + അർപ്പണം

(j) ശിഖരം – ശേഖരം എന്നീ പദങ്ങളുടെ അർത്ഥവ്യത്യാസം എന്ത് ?

(a) രൂപം – ഭക്ഷണം (b) ശാഖ - കൂട്ടം

(c) എല്ലാം – അല്പം (d) കല്യാണം – തർക്കം

**4. തന്നിരിക്കുന്ന 10 ചോദ്യങ്ങളിൽ ഏതെങ്കിലും ഒമ്പതെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 2 മാർക്ക് വീതം) (9 X 2=18)**

(a) "ആ രണ്ടക്ഷരങ്ങളിൽ മാനവികതയുടെ ആത്മാവ് നിറഞ്ഞു നിൽക്കുന്നു "

(i) ലേഖകന്റെ അഭിപ്രായത്തിൽ മാനവികതയുടെ ആത്മാവ് നിറഞ്ഞു നിൽക്കുന്നത് എവിടെ ?

(a) നന്മ എന്ന രണ്ടക്ഷരത്തിൽ
(b) ശാന്തി എന്ന രണ്ടക്ഷരത്തിൽ
(c) വിദ്യ എന്ന രണ്ടക്ഷരത്തിൽ
(d) അമ്മ എന്ന രണ്ടക്ഷരത്തിൽ

(ii) 'രണ്ടു ടാക്സിക്കാർ' എന്ന പാഠഭാഗം ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

(a) പ്രേമവും ഭക്തിയും
(b) എന്റെ മനസ്സിലെ ഗാന്ധി
(c) മരണമെന്ന വാതിലിനപ്പുറം
(d) യതിചര്യ

(b) "അവ നമ്മെ വധിക്കുന്നത് വെറും വിരസത കൊണ്ടു മാത്രം "

(i) എന്തിനെക്കുറിച്ചാണ് സക്കറിയ ഇങ്ങനെ പറയുന്നത് ?

(a) തവളകളെക്കുറിച്ച്
(b) നീർനായ്ക്കളെക്കുറിച്ച്
(c) മീനുകളെക്കുറിച്ച്
(d) ഹിപ്പോപ്പൊട്ടാമസിനെക്കുറിച്ച്

(ii) വെള്ളച്ചാട്ടത്തിനു പിന്നിൽ ലക്ഷ്മണരേഖ വരച്ചു ജീവിക്കുന്നത് ആര് ?

(a) പാമ്പുകൾ
(b) മീനുകൾ
(c) നീർനായ്ക്കൾ
(d) മുതലകൾ

(c) "എന്റെ കാറിനു 50 മൈലിൽ കൂടുതൽ വേഗത്തിൽ ഓടാൻ ഒക്കുകയില്ല. അടുത്ത സ്റ്റേഷൻ 70 മൈൽ അപ്പുറമാണ് "

(i) ആരാണ് ഇങ്ങനെ പറഞ്ഞത് ?

(a) ദാമോദർഗാവുങ്കർ
(b) രാംഗോപാൽ മിശ്ര
(c) കർത്താർസിങ്
(d) നിത്യചൈതന്യയതി

(ii) ഈ സംഭാഷണത്തിൽ തെളിയുന്ന ഭാവമെന്ത് ?

(a) അഹങ്കാരം
(b) പരിഹാസം
(c) ദ്വേഷ്യം
(d) നിസ്സഹായത

(d) "അവിടെ നിന്ന് ഒരു കിലോമീറ്ററിന് മുകളിൽ പോലും സാംബസിയിലെ വെള്ളത്തിൽ കുളിക്കുക പോട്ടെ കയ്യോ കാലോ മുക്കുന്നതുപോലും അപകടമാണ് "

(i) അപകടമാണെന്ന് പറയാൻ കാരണമെന്ത് ?

(a) ചീങ്കണ്ണികളും ഹിപ്പോകളും ഉള്ളതിനാൽ

(b) ആഗ്നേയശിലകൾ ഉള്ളതിനാൽ

(c) അഗാധമായ ഗർത്തങ്ങൾ ഉള്ളതിനാൽ

(d) ശക്തമായ കുത്തൊഴുക്ക് ഉള്ളതിനാൽ

(ii) ഈ സന്ദർഭം ഉൾക്കൊള്ളുന്ന കൃതി ഏത് സാഹിത്യവിഭാഗത്തിൽപ്പെടുന്നു ?

(a) ചെറുകഥ | (b) ആത്മകഥ

(c) യാത്രാവിവരണം | (d) നോവൽ

(e) "ഇന്ന് നമുക്ക് ടാക്സിയിൽ പോകാം. ബസ് കാത്തു നിന്ന് സമയം കളയണ്ട."

(i) ഇങ്ങനെ പറഞ്ഞതാരാണ് ?

(a) രാംഗോപാൽ മിശ്ര | (b) ദാമോദർ ഗാവുങ്കർ

(c) നിത്യചൈതന്യയതി | (d) കർത്താർസിങ്

(ii) ടാക്സിയിൽ കയറിയ അവർ എന്തിനെക്കുറിച്ചാണ് സംസാരിക്കാൻ തുടങ്ങിയത് ?

(a) മനുഷ്യന്റെ വിവേകത്തെക്കുറിച്ച്

(b) വിനോദ സഞ്ചാരത്തെക്കുറിച്ച്

(c) അന്ധരായ വിദ്യാർത്ഥികളെക്കുറിച്ച്

(d) കാന്റിന്റെ നൈതിക തത്വങ്ങളെക്കുറിച്ച്

(f) "ഒരു നാൾ ഗ്രാമവീഥി തന്നിലായ്ക്കണ്ടൂ ഞാനെൻ
കരളു നടുങ്ങവേയിമ്മട്ടാമൊരു രംഗം "

(i) ആരുടെ കരളാണ് നടുങ്ങിയത് ?

(a) വണ്ടിക്കാളയുടെ | (b) കവിയുടെ

(c) കൂട്ടുകാരുടെ | (d) ഭാര്യയുടെ

(ii) പഴന്തുണി മൂടിയ കട്ടിൽ പേറി നീങ്ങിയത് ആരാണ് ?

(a) മിത്രാദികൾ | (b) നാലു കാളകൾ

(c) ഗ്രാമീണർ | (d) ബന്ധുക്കൾ

(g) "അന്തിയിൽ വിഷക്കാവിൽ വെളിച്ചമകറ്റുവാൻ ദുർമന്ത്രവാദം ചെയ്യും"

(i) ദുർമന്ത്രവാദം ചെയ്യുന്നത് ആരാണ് ?

(a) മൈനകൾ | (b) തത്തകൾ

(c) മൂങ്ങകൾ | (d) നായ്ക്കൾ

(ii) വിഷക്കാവ് എന്ന പദം വിഗ്രഹിക്കുന്നതെങ്ങനെ ?

(a) വിഷജീവികൾ ഉള്ള കാവ് (b) വിഷത്തിന്റെ കാവ്

(c) വിഷവും കാവും (d) വിഷം മൂലമുള്ള കാവ്

(h) "അല്ലെങ്കിലും സ്വച്ഛ വിവേകദീപ-

മകത്തു കത്തുന്നളവേതു ധീരൻ"

(i) 'സ്വച്ഛവിവേകദീപം അകത്തു കത്തുന്നിടത്തോളം' ധീരൻ എന്ത് ചെയ്യില്ലെന്നാണ് കവി പറയുന്നത് ?

(a) ഭയപ്പെടില്ല (b) വിഷാദമേന്തില്ല

(c) ഉറങ്ങുകയില്ല (d) സന്തോഷിക്കില്ല

(ii) താഴെ കൊടുത്തിരിക്കുന്നവയിൽ ഉള്ളൂരിന്റെ കൃതിയേത് ?

(a) ചിത്രയോഗം (b) നളിനി

(c) ഉമാകേരളം (d) വീണപൂവ്

(i) "അടഞ്ഞ കൺ നമ്മൾ തുറന്നിടും മുൻപദ്ദീപമേകുന്നു കൊളുത്തി വീണ്ടും"

(i) നാം കൺ തുറക്കുന്നതിനു മുൻപ് ആരാണ് ദീപം കൊളുത്തുന്നത് ?

(a) ചന്ദ്രൻ (b) നക്ഷത്രങ്ങൾ

(c) മേഘങ്ങൾ (d) ഈശൻ

(ii) ഇരുട്ട് തൽക്കാലത്തേക്ക് അകറ്റുന്നതെങ്ങനെ?

(a) നക്ഷത്രജാലങ്ങളെ കൊണ്ട് (b) തീ കത്തിച്ച്

(c) വിളക്ക് കത്തിച്ച് (d) മിന്നാമിനുങ്ങിന്റെ വെട്ടംകൊണ്ട്

(j) "ജീവിതം കയറ്റിയോരുൽക്കടബ്ഭാരം തിങ്ങു-

മാവണ്ടി വലിക്കയാണിസ്സാധു നാളിൽ നാളിൽ! "

(i) ആരാണ് ജീവിതഭാരം നിറഞ്ഞ വണ്ടി വലിക്കുന്നത് ?

(a) വണ്ടിക്കാരൻ (b) ബന്ധുക്കൾ

(c) സുഹൃത്തുക്കൾ (d) അയൽക്കാർ

(ii) എന്താണ് അപൂർവമായി കേൾക്കാറുള്ളത് ?

(a) ബന്ധുക്കളുടെ വിലാപം (b) വണ്ടിത്തണ്ടിന്റെ ഞരക്കം

(c) വണ്ടിക്കാരന്റെ മൂളിപ്പാട്ട് (d) വണ്ടിക്കാരന്റെ കരച്ചിൽ

## SECTION – B / ബി വിഭാഗം

**5. (a) പ്രയോഗം മാറ്റുക.** **(2 X 1=2)**

(i) അമ്മ വിഭവസമൃദ്ധമായ അത്താഴം ശരിയാക്കി വച്ചിരുന്നു.

(ii) വിക്ടോറിയാ വെള്ളച്ചാട്ടം അന്തർമുഖരെ ധ്യാനത്തിലേക്ക് നയിക്കുന്നു.

**(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക.** **(2 X 1=2)**

(i) ഞാൻ വിഷമിച്ചു നിൽക്കുന്നതു കണ്ട് ഡ്രൈവർ എന്റെയടുത്തു പറഞ്ഞു.

(ii) വിക്ടോറിയ വെള്ളച്ചാട്ടത്തിന്റെ വക്കിലെത്തുംവരെ സാംബസി നദിയുടെ അവസ്ഥ ഏതാണ്ട് ഇതാണ്.

**(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **(2 X 1=2)**

(i) ഞങ്ങൾക്ക് പരസ്പരം അന്യോന്യം ആദരവ് കലർന്ന ഒരു സ്നേഹമാണ് അന്ന് തോന്നിയിരുന്നത്.

(ii) ആ കാലഘട്ടത്തിലെ ഏറ്റവും പ്രശസ്തനായ പര്യാടകനായി ലോകം മുഴുവൻ ആഗോള കീർത്തി നേടി.

**(d) ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകുംവിധം വാക്യത്തിൽ പ്രയോഗിക്കുക.** **(2 X 1=2)**

(i) നിറഞ്ഞുനിൽക്കുക

(ii) പങ്കുവയ്ക്കുക

(iii) തരണംചെയ്യുക

**6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. **( 5 )**

(i) വൃദ്ധജനങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

(ii) മദ്യനിരോധനത്തിന്റെ ആവശ്യകത

(b) വർധിച്ചു വരുന്ന റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് ഒരു കത്ത് തയ്യാറാക്കുക. **( 5 )**

(c) സി. ബി. എസ്. ഇ പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു കൊണ്ട് നിങ്ങളുടെ പ്രദേശത്തെ പ്രമുഖ സ്കൂളിൽ നടന്ന പരിപാടിയെക്കുറിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക. **( 4 )**

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം)** **(2X 3=6)**

(i) ലോകം തവിടുപൊടിയായിപ്പോയെന്ന് നിത്യചൈതന്യയതിക്ക് തോന്നിയത് എപ്പോൾ ?

(ii) "ഞാൻ നമ്മുടെ കാവേരി കാര്യങ്ങൾ ഓർത്തു മറന്നു കളഞ്ഞു" സന്ദർഭമെഴുതി വിശദീകരിക്കുക

(iii) "ടാക്സി റോഡരികിൽ ചേർത്ത് നിർത്തിച്ചിട്ട് ഞാൻ കൂടി ഫ്രണ്ട് സീറ്റിൽ ഡ്രൈവറുടെ അടുത്ത് സ്ഥലം പിടിച്ചു". കാരണമെന്ത് ?

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം)** **(2X 3=6)**

(i) "തൻസൃഷ്ടിയിൽ പെറ്റൊരതിന്നുമീശൻ സ്ഥാനത്തെ നൽകേണ്ടതു ധർമ്മമല്ലേ" ഏതിന് ?

(ii) അദ്ധ്വാനഭാരം വണ്ടിക്കാരനിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം ?

(iii) "മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടിട്ടറ്റത്ത് വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി" വണ്ടിക്കാരനെ കാളയോട് താരതമ്യപ്പെടുത്താൻ കാരണമെന്ത് ?

**9. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം)** **(2X 3=6)**

(i) സ്വാമി വിവേകാനന്ദന്റെ കുടുംബ പശ്ചാത്തലം വിവരിക്കുക.

(ii) "നിർഭയത്വം പോലെ തന്നെ വിപദി ധൈര്യവും നരേന്ദ്രന്റെ കൂടപ്പിറപ്പായിരുന്നു" വിശദീകരിക്കുക.

(iii) നരേന്ദ്രന്റെ കൂർമബുദ്ധിക്ക് നിദാനമായ ഒരു സംഭവമെഴുതുക.

***